ഫൻ ൪ 0 മേയ് ൨0-ാംനു കൂടിയ യോഗത്തിൽ ഐകകണ്ഠ്യേന തീരുമാനിച്ചു. അതനുസരിച്ച് ഈ ധനസഹായം നിഷേധിക്കുകയുണ്ടായി.

കോളേജു വിദ്യാർത്ഥികൾ

*൨൨൨൯. (൯൨) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടിൽനിന്നും ധനസഹായം ലഭിക്കുന്ന എത്ര കോളേജുവിദ്യാർത്ഥികൾ ഇക്കൊല്ലം തിരുവിതാംകൂർ കൊച്ചിസ്റ്റേറ്റിലുണ്ട്;

(ബി) അവർക്ക് ഓരോരുത്തർക്കും പ്രതിമാസം ഗവൺമെണ്ടിൽനിന്നും ചിലവാകുന്ന തുക എത്ര;

(സി) ഇക്കൊല്ലം എത്ര തുക ധനസഹായം കൊടുക്കേണ്ടിവരും;

(ഡി) കഴിഞ്ഞകൊല്ലം ഫൻ ൪൯-ൽ ആകെ ചിലവായ തുക എത്ര?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉവ്വ്.

(ബി) പൊതുവെ ഓരോരുത്തരുടെയും ചിലവു് വ്യത്യസ്ഥരീതിയിലാണു്. എങ്കിലും പ്രതിമാസം ഓരോരുത്തർക്കും ൪൫ രൂപയിൽ കുറയാതെ ചിലവാക്കിവരുന്നുണ്ടു്. ഇതിനു പുറമെ പുസ്തകം വസ്ത്രം മുതലായവ വാങ്ങുന്നതിനു പ്രതിവർഷം ഓരോവിദ്യാർത്ഥിക്കും ൫0 രൂപാ മുതൽ ൭0 രൂപാവരെ ചിലവാക്കുന്നുണ്ടു്.

(സി) ഒരു ലക്ഷത്തി അൻപതിനായിരം രൂപ.

(ഡി) അൻപതിനായിരം രൂപാ.

വിദ്യാഭ്യാസ സഹായം

൨൨൨൦. (൯൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായ മന്ത്രി സഭയിൽ മറുപടി പറയുമോ.—

(എ) പെരുമ്പാവൂർ ഇംഗ്ലീഷ് ഹൈസ്കൂളിൽ പഠിക്കുന്ന പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് പ്രസ്തുതവർഷത്തേക്ക് അനുവദിച്ചിട്ടുള്ള സഹായധനം നൽകപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് യഥാക്രമം എത്ര ഉറുപ്പികവീതം നൽകപ്പെട്ടു?

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ടു്.

(ബി) ഒന്നാം ഫാറംമുതൽ സ്റ്റേം ഫൈനൽക്ലാസുവരെയുള്ള എല്ലാവിദ്യാർത്ഥികൾക്കും സഹായധനം നൽകിട്ടുണ്ടു്. മിഡിൽ സ്റ്റേം ക്ലാസുകളിൽ ൨൫ രൂപാവീതവും ഹൈസ്കൂൾ ക്ലാസുകളിൽ ൪0 രൂപാ വീതവും കൊടുത്തു.

മോണോസൈറ്റ് ഫാക്ടറി

*൨൨൨൧. (൯൪) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സഭയിൽ മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly